**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3447** **15-02-2024 - ൽ മറുപടിയ്ക്ക്**

**താല്ക്കാലിക അദ്ധ്യാപക നിയമനങ്ങളിലെ പ്രായപരിധി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സെറ്റ്, നെറ്റ് എന്നിവയടക്കം ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളതും നിരവധി പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടും നിർഭാഗ്യവശാൽ ജോലി ലഭിക്കാതെ പോയതുമായ ഉദ്യോഗാർഥികളുടെ ഏക പ്രതീക്ഷയായിരുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ താല്ക്കാലിക അദ്ധ്യാപകരുടെ നിയമനങ്ങൾ പ്രായപരിധി പിന്നിട്ടുവെന്ന കാരണത്താൽ മാത്രം ഒഴിവാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുനഃപരിശോധിക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിൽ, പി.എസ്.സി നിലവിൽ അനുവദിച്ചിട്ടുള്ള പ്രായപരിധി മാനദണ്ഡങ്ങൾ തന്നെയാണ് പാലിക്കേണ്ടത്. കെ.ഇ.ആർ അദ്ധ്യായം XIV A Rule 1 Sub-rule (2) ലെ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥ തന്നെയാണ് ദിവസവേതന നിയമനങ്ങൾക്കും ബാധകമായിട്ടുള്ളത്. |
| (ബി) | സ്കൂളുകളിൽ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ താല്ക്കാലിക നിയമനങ്ങൾ നടത്തുന്നത്; വ്യക്തമാക്കുമോ; | (ബി) | അല്ല. നിലവിൽ സ്കൂൾ തലത്തിൽ ദിവസവേതന നിയമനങ്ങളാണ് താൽക്കാലിക ഒഴിവിൽ നടത്തുന്നത്. പി.എസ്.സി ലിസ്റ്റിൽ ഉള്ളവർക്ക് മുൻഗണന നൽകാറുമുണ്ട്. കുട്ടികളുടെ പഠനം മുടങ്ങാതിരിക്കുന്നതിന് താൽക്കാലിക ക്രമീകരണങ്ങൾ വേഗത്തിൽ നടത്തേണ്ടതുള്ളതുകൊണ്ടും അദ്ധ്യാപകരില്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടിയുമാണ് ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. |
| (സി) | എങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണോ പ്രസ്തുത നിയമനങ്ങൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | അല്ല. നിലവിൽ സ്കൂൾ തലത്തിൽ ദിവസവേതന നിയമനങ്ങളാണ് താൽക്കാലിക ഒഴിവിൽ നടത്തുന്നത്. പി.എസ്.സി ലിസ്റ്റിൽ ഉള്ളവർക്ക് മുൻഗണന നൽകാറുമുണ്ട്. കുട്ടികളുടെ പഠനം മുടങ്ങാതിരിക്കുന്നതിന് താൽക്കാലിക ക്രമീകരണങ്ങൾ വേഗത്തിൽ നടത്തേണ്ടതുള്ളതുകൊണ്ടും അദ്ധ്യാപകരില്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടിയുമാണ് ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. |

സെക്ഷൻ ഓഫീസർ